# സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തൃശൂരിൽ നടന്ന 85-ാമത് വാർഷിക പൊതുയോഗത്തിൽ ചെയർമാൻ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം

പ്രിയപ്പെട്ട ഓഹരി ഉടമകളെ,

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഇന്ന് ഇവിടെ നടക്കുന്ന 85-ാമത് വാർഷിക പൊതുയോഗത്തിലേയ്ക്ക് നിങ്ങളേവരെയും സ്വാഗതം ചെയ്യാൻ എനിക്ക് അതിയായ ആഹ്ലാദമാണുള്ളത്. നിങ്ങളേവരുടെയും മഹനീയ സാന്നിദ്ധ്യത്തിനും ഇക്കാലമത്രയും നിങ്ങൾ നമ്മുടെ ബാങ്കിൽ അർപ്പിച്ച അനുസ്യൂതമായ വിശ്വാസത്തിനും, അചഞ്ചലമായ പിന്തുണയ്ക്കും ഞാൻ ഈ അവസരത്തിൽ നന്ദി പറയട്ടെ.

വിതരണത്തിലെ 'കുപ്പികഴുത്തും', മന്ദഗതിയിലായ വിദേശത്തുനിന്നുള്ള ആവശ്യകതയും കാരണം ഉൽപാദക-സേവന മേഖലകളുടെ പ്രകടനം പരിമിതപ്പെട്ടിരുന്നു; അതിനാൽ ഭാരതത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ച പ്രതീക്ഷിച്ചതിലും സാവധാനത്തിലായിരുന്നു. 2010-2011 സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ രേഖപ്പെടുത്തിയ 9.2 ശതമാനം എന്ന വളർച്ചാനിരക്ക് 2012-2013 വർഷത്തിന്റെ മൂന്നാം പാദത്തിൽ വെറും 4.5 ശതമാനത്തിലെത്തുകയായിരുന്നു; ഇത് കഴിഞ്ഞ പതിനഞ്ച് പാദങ്ങളിലെ ഏറ്റവും താഴ്ന്ന വളർച്ചാനിരക്കായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കാൻ മികച്ച പിന്തുണ നൽകിയിരുന്ന സേവനമേഖലയുടെ വളർച്ചാനിരക്കിന്റെ മന്ദഗതി സമ്പദ് വ്യവസ്ഥയുടെ മൊത്തം പ്രകടനത്തേയും, തൊഴിൽ നിരക്കിനേയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. അപര്യാപ്തമായ വർഷപാതം വിരിപ്പുകൃഷിയെ സാരമായി ബാധിച്ചതിനാൽ കാർഷിക ഉൽപാദനം വളരെയധികം കുറവ് രേഖപ്പെടുത്തുകയുണ്ടായി. ആഭ്യന്തര സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുന്നതിലുള്ള അനിശ്ചിതത്വം, ഭരണനിർവ്വഹണത്തെ ജാഗ്രതയോടെ തങ്ങൾ നിരീക്ഷിക്കണമെന്ന ജനങ്ങളിൽ ഉണ്ടായിട്ടുള്ള അവബോധം, ധനപരമായി മുൻപ് എടുത്ത അയവില്ലാത്ത സമീപനത്തിന്റെ പ്രത്യാഘാതം, വിദേശത്തുനിന്നുള്ള ആവശ്യകതയിൽ ഉണ്ടായ കുറവ് - ഇതെല്ലാം സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

രാജ്യാന്തര സമ്പദ് വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം 2012-13 സാമ്പത്തിക വർഷം അതിന് മുൻവർഷത്തെ അപേക്ഷിച്ച് മെച്ചപ്പെട്ടതായിരുന്നു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വികസിത സമ്പദ്‌വ്യവസ്ഥകളിലെ 'റിസ്ക്കുകൾ' പിൻവാങ്ങിയിരുന്നു. താഴ്ന്നുകിടന്നിരുന്ന സമ്പദ്ഘടനയിൽ ഈ പുരോഗതി പക്ഷേ പൂർണ്ണമായി പ്രതിഫലിച്ചില്ല. പാർപ്പിട മേഖലയിലും, തൊഴിൽ നിരക്കിലും ഇപ്പോൾ പുരോഗതി രേഖപ്പെടുത്തുന്നതിനാൽ യു.എസ്. സമ്പദ് വ്യവസ്ഥ മന്ദഗതിയിലാണുള്ളതെങ്കിലും പുന:പ്രാപ്തി കൈവരിച്ചുവരുന്നുണ്ട്.

റിസർവ്വ് ബാങ്ക് കൈക്കൊണ്ട അയവില്ലാത്ത ധനനയംമൂലം ഭാരത സമ്പദ് വ്യവസ്ഥയെപ്പറ്റിയുള്ള പ്രധാന ആശങ്കയായ പണപ്പെരുപ്പം പരിമിതപ്പെട്ടിട്ടുണ്ട്. മൊത്ത വ്യാപാര വിലസൂചിക വഴി കണക്കാക്കുന്ന പണപ്പെരുപ്പം 2011-12 സാമ്പത്തിക വർഷത്തിൽ രേഖപ്പെടുത്തിയ 8.9 ശതമാനത്തിൽനിന്നും 2012-13ൽ 7.3 ശതമാനത്തിലെത്തുകയുണ്ടായി. 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലാണ് പണപ്പെരുപ്പത്തിന്റെ ശമനം പ്രകടമായി കാണുന്നത് - വർഷാവസാനം പണപ്പെരുപ്പം 6.0 ശതമാനത്തോളം താഴ്ന്നിറങ്ങുകയുണ്ടായി. പ്രധാന വിലക്കയറ്റ സൂചിക കുറഞ്ഞെങ്കി

ലും വൈകിയെത്തിയ കാലവർഷം കാരണം പച്ചക്കറി വിലയിലുണ്ടായ അഭൂതപൂർവ്വമായ കുതിച്ചുകയറ്റവും, അതിനെതുടർന്നുണ്ടായ ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റവും, നെല്ലിന്റെ താങ്ങുവിലയിൽ കുത്തനെയുണ്ടായ വർദ്ധനവും കാരണം ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റത്തിനു മുകളിൽ സമ്മർദ്ദങ്ങളുണ്ടായിരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ, പുതുക്കിയ ഉപഭോക്തൃ വിലസൂചിക വഴി കണക്കാക്കുന്ന ചില്ലറ വിലക്കയറ്റ സൂചികയിൽ ഉണ്ടായ വർദ്ധന ശരാശരി 10.2 ശതമാനമായിരുന്നു. റിസർവ്വ് ബാങ്ക് 2013-2014 സാമ്പത്തികവർഷത്തേയ്ക്ക് സാമ്പത്തികാസൂത്രണ ലക്ഷ്യങ്ങൾക്കു വേണ്ടി കണക്കാക്കിയിട്ടുള്ള 'എം3' വളർച്ചാനിരക്ക് 13.0 ശതമാനമാണ്. അതിനാൽ വാണിജ്യ ബാങ്കുകളുടെ മൊത്തം നിക്ഷേപം 14 ശതമാനം വർദ്ധന രേഖപ്പെടുത്തുമെന്നാണ് പ്രതീക്ഷ. സ്വകാര്യമേഖലയുടെ വരുമാന വിഭവങ്ങൾക്കുള്ള ആവശ്യകതയും കൂടി കണക്കിലെടുത്താണ് ബാങ്കുകളുടെ ഭക്ഷ്യേതര വായ്പയുടെ വളർച്ചാനിരക്ക് 15 ശതമാനത്തിലെത്തുമെന്ന് നിർണ്ണയിച്ചിട്ടുള്ളത്.

2012-13 സാമ്പത്തിക വർഷത്തിൽ ഭാരതത്തിലെ പ്രാഥമിക ഓഹരി വിപണി നിയന്ത്രിത നിലയിലായിരുന്നു പ്രവർത്തിച്ചിരുന്നത്. മൊത്തം സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാന ഘടകങ്ങളിലുള്ള അഭിവൃദ്ധി, സാമ്പത്തിക സംയോജനം, ആഗോള സമ്പദ്വ്യവസ്ഥയുടെ വളർച്ച എന്നീ ഘടകങ്ങളുമായാണ് പ്രാഥമിക ഓഹരി വിപണിയുടെ പുന:പ്രാപ്തി ബന്ധപ്പെട്ടിരിക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ വിപണിയിലെ ചലനങ്ങളെ നിയന്ത്രിച്ചിരുന്നത് അഭ്യന്തര സമ്പദ്വ്യവസ്ഥയുടെ വളർച്ചാക്കുറവും, ഭരണനിർവ്വഹണത്തെക്കുറിച്ച് ജനങ്ങൾക്കുള്ള ആകാംക്ഷയുമായിരുന്നെങ്കിലും വിദേശനിക്ഷേപ സ്ഥാപനങ്ങളിൽനിന്നുള്ള ശക്തമായ ഒഴുക്ക് ഭാരതത്തിന്റെ ഓഹരി വിപണിക്കും രൂപയുടെ മൂല്യത്തിനും ശുഭലക്ഷണമായിരുന്നു. ആ സാമ്പത്തിക വർഷത്തെ ഓഹരിവിപണിയിലെ മുഖ്യ സൂചികകൾ വെളിപ്പെടുത്തുന്നത് മൂല്യ-വരുമാന അനുപാതവും (PE), മൂല്യ-ബുക്ക് വാല്യൂ (PB) അനുപാതവും അതിനുമുമ്പുള്ള 2 വർഷങ്ങളിലേതിനേക്കാൾ കുറഞ്ഞുപോയെന്നതാണ്. 2013 ഫെബ്രുവരി മാസത്തിൽ ഭാരതത്തിന്റെ സാമ്പത്തിക വിപണിയിൽ ഒരു നവാഗതൻ വന്നെത്തി - എം.സി.എക്സ് സ്റ്റോക്ക് എക്സേഞ്ച്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എല്ലാ പ്രവർത്തന മേഖലകളിലും, നാഴികക്കല്ലുകൾ പലതും പിന്നിട്ട് സ്തുത്യർഹമായ പ്രകടനം കാഴ്ചവെയ്ക്കാൻ നമ്മുടെ ബാങ്കിനു കഴിഞ്ഞു എന്ന് പ്രസ്താവിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ സുപ്രധാന നേട്ടങ്ങൾ സംക്ഷിപ്തമായി താഴെ കൊടുക്കുന്നു:

1. മൊത്തം ബിസിനസ്സ് മുൻവർഷത്തെ 63,974 കോടി രൂപയിൽനിന്നും 76,276 കോടി രൂപയായി ഉയർന്ന് 19.22 ശതമാനം വളർച്ച കൈവരിച്ചു.

2. മൊത്തം നിക്ഷേപം മുൻവർഷത്തെ 36,501 കോടി രൂപയിൽനിന്നും 21.26 ശതമാനം വളർച്ച രേഖപ്പെടുത്തി 44,262 കോടി രൂപയിലെത്തി. ചിലവു കുറഞ്ഞ നിക്ഷേപങ്ങൾ (CASA) തൃപ്തികരമായ വളർച്ചാനിരക്കായ 14.67 ശതമാനം കൈവരിക്കുകയും ഉണ്ടായി.

3. മൊത്തം വായ്പ, ഫുഡ് ക്രെഡിറ്റ് ഉൾപ്പെടെ, മുൻവർഷത്തെ 27,473 കോടി രൂപയിൽനിന്നും 32,014 കോടി രൂപയിലെത്തി; വളർച്ചാനിരക്ക് 16.53 ശതമാനം.

4. മുൻഗണനാവിഭാഗങ്ങൾക്കുള്ള വായ്പകൾ 8,591.76 കോടി രൂപയിലെത്തി; അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക് ക്രെഡിറ്റിന്റെ (ANBC) 31.24 ശതമാനമാണിത്.

5. അറ്റാദായം മുൻവർഷത്തെ 401.66 കോടി രൂപയിൽനിന്നും 25.05 ശതമാനം വർദ്ധന വോടെ 502.27 കോടി രൂപയിലെത്തി; ബാങ്കിന്റെ 85 വർഷത്തെ ചരിത്രത്തിൽ ഏറ്റവും ഉയർന്ന അറ്റാദായമാണിത്.

6. ബാങ്കിന്റെ നായകസമിതി 70 ശതമാനം ലാഭവിഹിതമാണ് (ഒരു രൂപയുടെ ഓഹരിക്ക് 0.70 രൂപ വീതം) ശുപാർശ ചെയ്തിട്ടുള്ളത് – ഇത് കഴിഞ്ഞ വർഷത്തെ ലാഭവിഹിതമായ 60 ശതമാനത്തിനേക്കാൾ 16.67 ശതമാനം കൂടുതലാണ്. ഇതും ബാങ്കിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച ഡിവിഡന്റാണ്.

7. ലാഭത്തിന്റെ ഒരു നല്ല പങ്ക് റിസർവ്വിലേയ്ക്ക് മാറ്റിയതിനാലും, പുതിയ ഓഹരി സംഭരണം നടത്തിയതിനാലും നമ്മുടെ അറ്റമൂല്യം 2167.48 കോടി രൂപയിൽനിന്നും 3003.61 കോടി രൂപയിലേയ്ക്ക് വർദ്ധിച്ചിട്ടുണ്ട്.

8. ബേസൽ 2 മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചുള്ള മൂലധന പര്യാപ്തത അനുപാതം ഉയർന്ന 13.91 ശതമാനമാണ്. ഇത് നിയമാനുസൃതം റിസർവ്വ് ബാങ്ക് നിഷ്ക്കർഷിച്ചിട്ടുള്ള 9 ശതമാനത്തേക്കാൾ ഏറെ കൂടുതലാണെന്നതും നമ്മുടെ ബാങ്കിന്റെ മൂലധന കരുത്ത് കാണിക്കുന്നു.

9. ഓഹരിയുടെ ബുക്ക് വാല്യു (Book Value) 19.12 രൂപയിൽനിന്നും 22.44 രൂപയായി ഉയരുകയും വിപണി മൂലധനം (Market Capitalisation) 3200 കോടി രൂപയ്ക്കു മേലെയാവുവുകയും ചെയ്തു.

10. 2013 മാർച്ച് 31ന് ഒരു രൂപയുടെ ഓരോ ഓഹരിയുടേയും പ്രതി ഓഹരി വരുമാനം 3.50 രൂപയിൽനിന്നും 3.99 രൂപയായി വർദ്ധിച്ചു.

11. ഓരോ ജീവനക്കാരന്റെയും / ജീവനക്കാരിയുടെയും ആളോഹരി ബിസിനസ്സ് 10.79 കോടി രൂപയിൽനിന്നും 12.01 കോടി രൂപയായി ഉയർന്നു എന്നത് ബാങ്കിന്റെ ഉൽപാദന ക്ഷമത എല്ലാ തലത്തിലും വർദ്ധിച്ചു എന്നതിന് തെളിവാണ്.

12. എന്നിരുന്നാലും, മൊത്തം നിഷ്ക്രിയ ആസ്തികളും മൊത്തം വായ്പകളും തമ്മിലുള്ള അനുപാതം 0.97 ശതമാനത്തിൽനിന്നും 1.36 ശതമാനമായി വർദ്ധിക്കുകയാണുണ്ടായത്; അറ്റ നിഷ്ക്രിയ ആസ്തികളും അറ്റ വായ്പകളും തമ്മിലുള്ള അനുപാതവും 2013 മാർച്ച് 31ന് 0.28 ശതമാനത്തിൽനിന്നും 0.78 ശതമാനത്തിലേയ്ക്ക് ഉയരുകയും ചെയ്തു.

രാജ്യത്തെ ബാങ്കിംഗ് വ്യവസായ മേഖലയുടെ വളർച്ചയേക്കാൾ കൂടുതൽ സുസ്ഥിരമായ വളർച്ച, പ്രകടനത്തിൽ നിരന്തരമായ മുന്നേറ്റം എന്നിവയാണ് ബാങ്കിന്റെ കഴിഞ്ഞ 5 വർഷത്തെ നേട്ടങ്ങൾക്ക് സഹായിച്ച മുഖ്യ ഘടകങ്ങൾ. ഇത് എന്റെ സഹപ്രവർത്തകർ ഓരോരുത്തരുടെയും അർപ്പണബോധത്തിന്റേയും പ്രതിബദ്ധതയുടേയും കഠിനാദ്ധ്വാനത്തിന്റേയും ഫലമാണെന്നതിൽ സംശയമില്ല. അതുകൊണ്ടുതന്നെ, ബാങ്കിന്റെ ലക്ഷ്യങ്ങൾ നേടാൻ അർപ്പണബോധത്തോടെയും ഏക മനസ്സായും പ്രവർത്തിച്ച നമ്മുടെ ജീവനക്കാർക്കുള്ള ഡയറക്ടർ ബോർഡിന്റെ അഭിനന്ദനം രേഖപ്പെടുത്താൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്താകമാനം 50 പുതിയ ശാഖകളും 137 എ.ടി.എം. സെന്ററുകളും ബാങ്ക് തുറക്കുകയുണ്ടായി. ഇതോടെ ഭാരതത്തിൽ 29 സംസ്ഥാനങ്ങൾ / കേന്ദ്രഭരണ പ്രദേശങ്ങളിലായി 750 ശാഖകളും 800 എ.ടി.എം. സെന്ററുകളുമുള്ള ശാഖാശൃംഖല സ്ഥാപിക്കുവാൻ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

കൂടുതൽ പുതിയ ശാഖകളും എ.ടി.എം. സെന്ററുകളും തുറക്കുന്നതോടെ ഈ സാമ്പത്തിക വർഷത്തിൽ 800 ശാഖകളും 1000 എ.ടി.എം. സെന്ററുകളും എന്ന ലക്ഷ്യം 2014 മാർച്ച് 31 ഓടുകൂടി ബാങ്ക് കൈവരിക്കുന്നതായിരിക്കും. കൂടുതൽ പുതിയ ശാഖകളും എ.ടി.എം. സെന്ററുകളും തുറക്കുന്നതോടൊപ്പം ഇപ്പോൾ മുൻകൈയെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളും കൂടി ചേരുമ്പോൾ ഈ സാമ്പത്തിക വർഷാവസാനത്തോടെ 92,000 കോടി രൂപ എന്ന ദീർഘദൂര ബിസിനസ് ലക്ഷ്യം ബാങ്ക് നേടിയിരിക്കും.

ഈ സുപ്രധാന വളർച്ചയുടെ ത്വരിതഗതിക്കൊപ്പം നിൽക്കാൻ നമ്മുടെ ബാങ്ക് മികവുറ്റ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യാൻ പൊതു പരസ്യങ്ങൾ വഴിയും, നല്ല പ്രതിഭകളെ തിരഞ്ഞെടുക്കാൻ ഇപ്പോൾ സ്ഥാപനങ്ങൾ ഏറ്റവും കൂടുതലായി അവലംബിക്കുന്ന ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴിയും, തീവ്ര പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പുതിയ ഉദ്യോഗസ്ഥരെ നിയമിക്കുന്നതും അവരെ സജ്ജരാക്കുന്നതും ബാങ്ക് മുൻഗണന നൽകുന്ന മേഖലകളാണ്. നിലവിലുള്ള ജീവനക്കാർക്ക് ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിവിധ മേഖലകളിൽ വിപുലമായ പരിശീലനം നൽകുന്നതുവഴി അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും അങ്ങനെ ഉപഭോക്താക്കളുടെ പ്രതീക്ഷയ്ക്കനുസരിച്ചുള്ള സേവനം നൽകാൻ അവരെ പര്യാപ്തമാക്കാനും ബാങ്ക് പ്രയത്നിക്കുന്നുണ്ട്.

ഉപഭോക്താക്കൾക്കുള്ള വ്യക്തിഗത സേവനത്തിൽ പാളിച്ചകളുണ്ടാകാത്ത വിധത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നൂതന ഉൽപ്പന്നങ്ങളും സേവനങ്ങളും അവർക്ക് നൽകുന്നതിൽ ബാങ്ക് എന്നും മുൻപന്തിയിലാണെന്ന് നിങ്ങൾക്കറിയാമല്ലോ? സാങ്കേതികവിദ്യ ആധാരമാക്കി, വർദ്ധിച്ചുവരുന്ന ഉപഭോക്തൃ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമായി പല നൂതന ഉൽപന്നങ്ങളും സേവനങ്ങളും ബാങ്ക് ലഭ്യമാക്കിയിട്ടുണ്ട്. ബാങ്കിന്റെ ബിസിനസ്സിന്റെ നട്ടെല്ലായ നിലവിലുള്ള ഉപഭോക്തൃ സമൂഹത്തിന്റെ പ്രതീക്ഷക്കൊത്തുള്ള സേവനങ്ങൾ അവർക്ക് നൽകുന്നതോടൊപ്പം ആധുനിക സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തി നവീന ഉൽപ്പന്നങ്ങളും സേവനങ്ങളും വിപണിയിലിറക്കി വർദ്ധിച്ചുവരുന്ന പുത്തൻ ഉപഭോക്തൃ സമൂഹത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലാനും ബാങ്ക് ബദ്ധശ്രദ്ധമാണ്. ഓഹരി ഉടമകളുടെ പ്രയോജനത്തിനായി പ്രധാനപ്പെട്ട അത്തരം ചില ഉൽപ്പന്നങ്ങളെക്കുറിച്ച് താഴെ വിശദീകരിക്കാനാഗ്രഹിക്കുന്നു:

1. എസ്.എം.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് തൽസമയം ഓരോ ഇടപാടിനെക്കുറിച്ചും സൂചന നൽകുന്ന മൊബൈൽ ബാങ്കിംഗ് സൗകര്യം - വിദേശത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോണുകൾ ഉൾപ്പെടെ - നമ്മുടെ മാന്യ ഇടപാടുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആഴ്ചയിൽ 7 ദിവസവും 24 മണിക്കൂറും (ബാങ്ക് അവധി ദിനങ്ങളടക്കം) അന്തർ/അന്തരിക ബാങ്ക് അക്കൗണ്ടുകൾ തമ്മിൽ പണം കൈമാറാനുള്ള സൗകര്യം നൽകാൻ വിപൂലികരിച്ച മൊബൈൽ ബാങ്കിംഗ് സൗകര്യമായ 'എസ്.ഐ.ബി.-എം.പേ' ഭാരതത്തിലെ ഇടപാടുകാർക്കായി 2011-2012 സാമ്പത്തിക വർഷത്തിൽ നാം ഏർപ്പെടുത്തുകയുണ്ടായിട്ടുണ്ട്. എൻ.പി.സി.ഐ.യുടെ ഐ.എം.പി.എസ്. (Immediate Payment Service) പ്ലാറ്റ് ഫോം ഉപയോഗിച്ചാണ് പണം കൈമാറ്റം ചെയ്യാനുള്ള പ്രസ്തുത സൗകര്യം ഏർപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്. ഈ സൗകര്യം പ്രയോജനപ്പെടുത്തി രജിസ്റ്റർ ചെയ്തിട്ടുള്ള നമ്മുടെ മാന്യ ഇടപാടുകാർക്ക് മൂല്യവർദ്ധിത സേവനങ്ങളായ മൊബൈൽ റീചാർജ്ജ്, ഡി.ടി.എച്ച് റീച്ചാർജ്, വിമാനയാത്ര ടിക്കറ്റ് ബുക്കിംഗ്, മൂവി ടിക്കറ്റ്

ബുക്കിംഗ് എന്നിവ അവരുടെ മൊബൈൽ ഫോൺ വഴി സൗകര്യപ്രദമായി നടത്താവുന്നതാണ്. ഈ ഉൽപ്പന്നത്തിന് മാത്രമായി വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയതിനാൽ വളരെയധികം രജിസ്ട്രേഷ നുകൾ ഇതിന് ലഭിക്കുകയുണ്ടായി.

2. "പോയിന്റ് ഓഫ് സെയിൽ സൊലൂഷ'നിലൂടെ (പി.ഒ.എസ്.) വിസ, മാസ്റ്റർ, മീസ്ട്രോ കാർഡുകൾ വഴി ഉൽപ്പന്നങ്ങൾ / സേവനങ്ങൾ വാങ്ങാവുന്നതാണ്.

3. നമ്മുടെ ബാങ്ക് അടുത്ത അഞ്ചുവർഷത്തേയ്ക്ക് വിഭാവനം ചെയ്തിട്ടുള്ള ശേഷി വർദ്ധിപ്പിക്കലിന് അനുയോജ്യമായ തരത്തിൽ 'കോർ ഹാർഡ് വെയർ' രൂപാന്തരപ്പെടുത്തിയിട്ടുണ്ട്.

4. "എസ്.ഐ.ബി. പ്യൂർ ഗോൾഡ്" എന്ന് ബ്രാൻഡ് ചെയ്ത് 2011 സെപ്തംബർ 6ന് പുറത്തിറക്കിയ 999.9 പരിശുദ്ധിയുള്ള 1, 3, 4, 8, 20, 50, 100 ഗ്രാം തൂക്കമുള്ള സ്വർണ്ണ നാണയങ്ങൾ / സ്വർണ്ണക്കട്ടികൾ ഇടപാടുകാർക്ക് നമ്മുടെ ശാഖകൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. 'പാംപ്' എന്ന സ്വിറ്റ്സർലണ്ടിലെ ആഗോള പ്രശസ്ത റിഫൈനറിയാണ് ഇവ നമുക്ക് നൽകുന്നത്. "അസ്സെ" സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഗുണനിലവാരം ഉള്ള ഇവ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ സുരക്ഷിതമായ പാക്കേജിംഗിലാണ് നാം നൽകുന്നത്.

5. "ജിയോജിത് ബി.എൻ.പി. പാരിബ ഫിനാൻഷ്യൽ സർവ്വീസ'സിന്റെ സഹകരണത്തോടെ വിദേശ ഇന്ത്യക്കാർക്ക് സെക്കന്ററി മാർക്കറ്റിൽനിന്നും ഓഹരികൾ വാങ്ങാൻ "പോർട്ട് ഫോളിയോ ഇൻവെസ്റ്റ്മെന്റ് സൊലൂഷൻ" നാം ആരംഭിച്ചിട്ടുണ്ട്. ഓൺലൈനായും, ഓഫ് ലൈനായും ഈ സൗകര്യം ലഭ്യമാണ്.

6. ആപ്ലിക്കേഷൻ സപ്പോർട്ടഡ് ബൈ ബ്ലോക്ക്ഡ് എമൗണ്ട് (Application Supported by Blocked Amount - ASBA) സംവിധാനത്തിൽ പൊതുജനങ്ങളിൽനിന്നും ഓഹരികൾക്കുള്ള അപേക്ഷകൾ സ്വീകരിക്കാനുള്ള ഒരു 'സെൽഫ് സർട്ടിഫൈഡ് സിൻഡിക്കേറ്റ് ബാങ്ക് (Self Certified Syndicate Bank - SCSB) ആയി നമ്മുടെ ബാങ്കിനെ SEBI 2011-12 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയിട്ടുണ്ട്. ASBA സംവിധാനത്തിൽ ബാങ്കിന്റെ ഇടപാടുകാർ ഐ.പി.ഒ. / എഫ്.പി.ഒ./അവകാശ ഓഹരികൾക്ക് അപേക്ഷിക്കുമ്പോൾ തങ്ങളുടെ അക്കൗണ്ടിൽ പ്രസ്തുത തുകയ്ക്കുള്ള 'ലീൻ' ബാങ്കിന് നൽകുന്നതുകൊണ്ട് അവർ പണം അപേക്ഷയോടൊപ്പം അടക്കേണ്ടതില്ല എന്ന പ്രയോജനവും ഉണ്ട്.

7. നമ്മുടെ ഇടപാടുകാർക്ക് 'വിസ'യുടേയും 'മീസ്ട്രോ'യുടേയും ഡെബിറ്റ് കാർഡുകൾ നൽകുന്നുണ്ട്. "എസ്.ഐ.ബി. ഡെബിറ്റ് കാർഡ്" ഉപയോഗിച്ച് വിസ / മാസ്റ്റർ ലോഗോയുള്ള ഇന്ത്യയിലേയും ഇന്ത്യക്കു പുറമെ ലോകമെമ്പാടുമുള്ള ഏതു ബാങ്കിന്റേയും എ.ടി.എം. സെന്ററുകളിൽനിന്ന് പണം പിൻവലിക്കാവുന്നതാണ്. ഈ വർഷം ബാങ്കിന്റെ 84-ാമത് സ്ഥാപക ദിനത്തിൽ ട്രാവൽ കാർഡ് പുറത്തിറക്കുകയുണ്ടായി.

8. ബാങ്കിന്റെ ഇന്റർനെറ്റ് ബാങ്കിംഗ് സേവനമായ 'സൈബർ നെറ്റ്' (SIBerNet) ഉപയോഗപ്പെടുത്തി ഇടപാടുകാർക്ക് എപ്പോൾ വേണമെങ്കിലും ഓൺലൈൻ ഇടപാടുകൾ നടത്താം. ബാങ്കിൽ നടപ്പാക്കിയ ആർ.ടി.ജി.എസ്. / എൻ.ഇ.എഫ്.ടി. സേവനം പ്രയോജനപ്പെടുത്തി ബാങ്കിന്റെ ഇന്റർനെറ്റ് ബാങ്കിംഗ് ഇടപാടുകാർക്ക് ഇന്ത്യയിലെ ഏതു ബാങ്കിലേയും ഇടപാടുകാരുടെ അക്കൗണ്ടുകളിലേക്ക് പണം അയക്കാവുന്നതാണ്. ഇതിനു പുറമെ, റീട്ടെയിൽ /കോർപ്പറേറ്റ് ഇടപാടുകാർക്കായി നമ്മുടെ

ബാങ്ക് ഡയറക്ട് / ഇൻഡയറക്ട് നികുതികൾ അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

9. 2009 ജൂൺ മാസം മുതൽ എൽ.ഐ.സി.യുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനുള്ള കോർപ്പറേറ്റ് ഏജന്റായി ബാങ്ക് പ്രവർത്തിക്കുന്നുണ്ട്. ഇടപാടുകാർക്കും ബാങ്കിനും ഒരുപോലെ ഗുണകരമാണെന്നു കണ്ട് ഈ വർഷം നമ്മുടെ ബാങ്ക് നോൺ-സിംഗിൾ പ്രീമിയം ഇൻഷൂറൻസ് ഉൽപ്പന്നങ്ങളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിയുടെ കോർപ്പറേറ്റ് ഏജന്റും കൂടിയാണ് നമ്മുടെ ബാങ്ക്. ഈ വർഷം നമ്മുടെ മാന്യ ഇടപാടുകാർക്ക് മുതൽമുടക്കിനുള്ള ഒരു സരണി, 'ക്യാപിറ്റൽ ഗെയിൻസ് ടാക്സ്ഫ്രീ ബോണ്ട്സ്' ബാങ്ക് IFINന്റെ സഹകരണത്തോടെ തുറന്നിട്ടുണ്ട്.

സാമ്പത്തിക കരുത്ത്, ദീർഘകാല ഉപഭോക്തൃ ബന്ധം, ക്രിയോന്മുഖമായ മാനേജ്മെന്റ് എന്നീ കാര്യങ്ങളോടുള്ള നമ്മുടെ ബാങ്കിന്റെ പ്രതിബദ്ധത എന്നത്തെയും പോലെ തന്നെ ഇന്നും പരമപ്രധാനമാണ്. ഗുണമേന്മയിൽ അധിഷ്ഠിതമായ വളർച്ചയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് മുന്നേറുവാനാണ് നമ്മുടെ ബാങ്ക് ഉദ്ദേശിക്കുന്നത്. ചിലവുകുറഞ്ഞ നിക്ഷേപ സമാഹരണം, പലിശേതര വരുമാനത്തിൽ പുരോഗതി, നിക്ഷേപങ്ങൾക്കും വായ്പകൾക്കും ഫലവത്തായ വിലനിശ്ചയിക്കൽ, ചിലവു കൂടിയതും വരുമാനം കുറഞ്ഞതുമായ 'ബൾക്ക്' ബിസിനസ്സ് കുറയ്ക്കുക, മെച്ചമായ രീതിയിൽ വായ്പകൾ തിരഞ്ഞെടുക്കുക, മികച്ച രീതിയിൽ വായ്പകൾ നിരീക്ഷിക്കുക എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ബാങ്കിന്റെ കാതലായ സാമ്പത്തിക ഘടകങ്ങളായ അറ്റ പലിശ മാർജിൻ, ആസ്തികളിൽനിന്നുള്ള വരുമാനം, പ്രതി ഓഹരി വരുമാനം, ആസ്തിയുടെ മികവ് എന്നിവ നിലവിലുള്ളതുപോലെ സംരക്ഷിക്കുവാനും മെച്ചപ്പെടുത്തുവാനുമാണ് നാം ഉദ്ദേശിക്കുന്നത്.

റിസർവ്വ് ബാങ്കിന്റെ സാങ്കേതിക വിഭാഗമായ 'ഐ.ഡി.ആർ.ബി.ടി.' ഏർപ്പെടുത്തിയ ബാങ്കിംഗ് സാങ്കേതികവിദ്യയ്ക്കുള്ള ബഹുമതി നമ്മുടെ ബാങ്കിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിലും നേടാൻ കഴിഞ്ഞു; ഈ ബഹുമതി ബാങ്ക് നേടുന്നത് മൂന്നാം തവണയാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

ചാഞ്ചാട്ടങ്ങളുള്ളതും, ദ്രുതഗതിയിലുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഇന്നത്തെ സാമ്പത്തിക ചക്രവാളത്തിൽ, ബാങ്കിംഗ് ബിസിനസ്സിൽ അന്തർലീനമായിട്ടുള്ളതും, സാമ്പത്തിക വിപണിയിൽനിന്ന് ഉദ്ഭവിക്കുന്നതുമായ 'റിസ്കുകൾ' കൈകാര്യം ചെയ്യാൻ ഉതകുന്നതുമായ മികച്ച 'റിസ്ക് മാനേജ്മെന്റ്' പ്രയോഗ രീതികൾ ഇന്ന് ആവശ്യമായിരിക്കുകയാണ്. റിസ്കും റിട്ടേണും തമ്മിലുള്ള ഭദ്രമായ ഒരു തുലനം നിലനിർത്തിക്കൊണ്ടുതന്നെ ഓഹരി ഉടമകൾക്ക് മൂല്യവർദ്ധന നേടിയെടുക്കാൻ ബാങ്കിന്റെ 'റിസ്ക് മാനേജ്മെന്റ്' ഘടന കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൂടതൽ ശക്തിപ്പെടുത്തുകയുണ്ടായി. ഇതുകൊണ്ട് വായ്പാ വിതരണ പ്രക്രിയയിലേയും, ബാങ്കിംഗ് പ്രവർത്തന മേഖലയിലേയും, വിപണിയിലേയും റിസ്കുകൾ കണ്ടെത്താനും നിയന്ത്രിക്കാനും കൂടുതൽ സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റിസർവ്വ് ബാങ്കിന്റെ 'സാമ്പത്തിക ഉൾപ്പെടുത്തൽ' കാൽവെയ്പ്പ് നല്ല ഫലങ്ങളുണ്ടാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽ ഇതുമൂലം ബാങ്കിംഗ് സംവിധാനം വളരെയധികം മടങ്ങ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമങ്ങളിൽ പുതുതായി തുടങ്ങിയ ബാങ്കിംഗ് സംവിധാനത്തിൽ സാധാരണ ബാങ്ക് ശാഖകളും 'ബിസിനസ്സ് കറസ്പോൺഡെന്റ്' സൗകര്യവും ഉൾപ്പെടുന്നു. സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതി

യുടെ ഭാഗമായി ബാങ്ക് നിയോഗിച്ചിട്ടുള്ള 'ബിസിനസ് കറസ്പോണ്ടന്റ്' (BC) ആണ് തന്നെ ഏൽപ്പിച്ച സ്ഥലങ്ങളിലെ ജനങ്ങൾക്കുള്ള അടിസ്ഥാന ബാങ്കിംഗ് സേവനങ്ങൾ നൽകുന്നത്. 'സ്മാർട്ട് കാർഡ്' അടിസ്ഥാനമാക്കിയുള്ള ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് – ഓവർ ഡ്രാഫ്ട് സൗകര്യത്തോടെ 'സൗത്ത് ഇന്ത്യൻ ബാങ്ക് ഫിനാൻഷ്യൽ ഇൻക്ലൂഷൻ സ്മാർട്ട് കാർഡ്' (SIB FINS Card) അക്കൗണ്ട് എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. പെൻഷൻ, തൊഴിലാളി ക്ഷേമപദ്ധതികൾ, മണ്ണെണ്ണ / ഗ്യാസ് എന്നിവയുടെയും പൊതുവിതരണ സംവിധാനത്തിലെയും സബ്സിഡികൾ ബാങ്ക് അക്കൗണ്ടുകൾ വഴി മാത്രമേ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയുള്ളു എന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതിയുമായി ബാങ്കുകൾ മുന്നോട്ടുപോയാൽ അത് ഇതുവരെ പ്രയോജനപ്പെടുത്താത്ത നിരവധി അവസരങ്ങൾ ബാങ്കുകൾക്ക് നൽകും.

ഉത്തരവാദപ്പെട്ട ഒരു കോർപ്പറേറ്റ് പൗരൻ എന്ന നിലയ്ക്ക് നമ്മുടെ ബാങ്ക് കേന്ദ്ര ഗവൺമെന്റിന്റെ കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രാലയത്തിന്റെ 'ഹരിത ചുവടുവെയ്പ്പി'നെ പിന്തുണക്കുകയും, പിന്തുടരുകയും ചെയ്യുന്നുണ്ട്. അതനുസരിച്ച് ബാങ്കിന്റെ 2013 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തോടനുബന്ധിച്ചുള്ള വാർഷിക പൊതുയോഗത്തിന്റെ നോട്ടീസ്, വിശദമായ പ്രസ്താവന, ആഡിറ്റ് ചെയ്ത സാമ്പത്തിക പ്രസ്താവന, നായകസമിതിയുടെ റിപ്പോർട്ട്, ആഡിറ്റർമാരുടെ റിപ്പോർട്ട് എന്നീ പ്രമാണങ്ങൾ ഇലക്ട്രോണിക് മെയിലായി ഓഹരി ഉടമകൾക്ക് അവരുടെ 'ഡെപ്പോസിറ്ററി പാർട്ടിസിപന്റു'മായി രജിസ്റ്റർ ചെയ്ത ഇ-മെയിൽ വിലാസത്തിൽ അയച്ചുകൊടുത്തിട്ടുണ്ട്.

ബാങ്കിന്റെ ജീവനക്കാരാണ് നമ്മുടെ ഏറ്റവും വലിയ ആസ്തി എന്ന് ഞാൻ വീണ്ടും ഉറപ്പിച്ചു പറയട്ടെ. സാമ്പത്തിക വെല്ലുവിളികളാൽ കലുഷിതമായ സാഹചര്യത്തിൽ സുശക്തവും വിജയകരവുമായി നമ്മുടെ സ്ഥാപനം പടുത്തുയർത്തുന്നതിൽ ബാങ്കിന്റെ എല്ലാ തലങ്ങളിലുമുള്ള ജീവനക്കാർ വഹിച്ച വലിയ പങ്കിന് ഞാൻ ഈ അവസരത്തിൽ അഭിനന്ദനം രേഖപ്പെടുത്തട്ടെ. നിങ്ങൾ ഏവരുടെയും പേരിലും, ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ പേരിലും നേട്ടങ്ങൾ നിറഞ്ഞ മറ്റൊരു വർഷം കൂടി സമ്മാനിച്ചതിന് അവർക്ക് അഭിവാദ്യങ്ങൾ !

ബാങ്കിന്റെ നായകസമിതിയിലും, മാനേജ്മെന്റിലും ഓഹരി ഉടമകൾ തുടർച്ചയായി അർപ്പിച്ചുകൊണ്ടിരിക്കുന്ന വിശ്വാസത്തിന് നന്ദി രേഖപ്പെടുത്തുവാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ. കോർപ്പറേറ്റ് ലക്ഷ്യങ്ങൾ നേടിയെടുക്കുവാനുള്ള നമ്മുടെ ആത്മാർത്ഥമായ യത്നങ്ങളിൽ വിദഗ്ധ ഉപദേശം നൽകി സഹായിച്ച നായകസമിതിയിലെ എന്റെ എല്ലാ സഹപ്രവർത്തകരോടും – മുൻകാല സഹപ്രവർത്തകർ ഉൾപ്പെടെ – എന്റെ കൃതജ്ഞത രേഖപ്പെടുത്തട്ടെ. കൂടാതെ, സഹകരണവും പിൻതുണയും നൽകിയ എല്ലാ തലങ്ങളിലുമുള്ള ജീവനക്കാർക്കും, ടോപ് മാനേജ്മെന്റ് ടീമിനും എന്റെ നന്ദി.

ആത്മാർത്ഥമായ പിൻതുണ നൽകിയ ആഡിറ്റർമാരും, നിയമോപദേശകരും, കറസ്പോണ്ടന്റ് ബാങ്കുകളും നമ്മുടെ ബാങ്കിന് ഒട്ടേറെ മെച്ചമുണ്ടാക്കിയിട്ടുണ്ട്. റിസർവ്വ ബാങ്ക് ഓഫ് ഇന്ത്യ, കേന്ദ്ര സർക്കാർ, കേരള സർക്കാർ, ബാങ്കിന്റെ ശാഖകൾ പ്രവർത്തിക്കുന്ന മറ്റു സംസ്ഥാനങ്ങളിലെ സർക്കാരുകൾ, 'ഫെഡായ്' (FEDAI), സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ, ബാങ്കിന്റെ ഓഹരി ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്റ്റോക്ക് എക്സ്ചേഞ്ചുകൾ എന്നിവയെല്ലാം നൽകിയ നിരന്തര പിൻതുണയ്ക്കും, മാർഗ്ഗനിർദ്ദേശങ്ങൾക്കും ഞാൻ ആത്മാർത്ഥമായ നന്ദി

രേഖപ്പെടുത്തട്ടെ. പ്രിന്റ്, ഇലക്ട്രോണിക് ഉൾപ്പെടെയുള്ള എല്ലാ വാർത്താമാധ്യമങ്ങളും നൽകിയ പിന്തുണക്കും ഞാൻ നന്ദി രേഖപ്പെടുത്തട്ടെ. നമ്മുടെ ബാങ്കിൽ അചഞ്ചലമായ വിശ്വാസമർപ്പിച്ച് ഈ സ്ഥാപനത്തെ ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക് ഓരോ വർഷവും കുതിക്കുവാൻ സഹായിച്ച ഞങ്ങളുടെ എല്ലാ നിക്ഷേപകരോടും, ഉപഭോക്താക്കളോടും, അഭ്യുദയകാംക്ഷികളോടും – സ്വദേശത്തും വിദേശത്തുമുള്ളവരുൾപ്പെടെ – എല്ലാവരോടുമുള്ള ഹൃദയംനിറഞ്ഞ നന്ദി ബാങ്കിന്റെ പേരിലും എന്റെ സ്വന്തം പേരിലും ഞാൻ പ്രകാശിപ്പിക്കുന്നു.

നിങ്ങളുടെ വിലപ്പെട്ട സമയത്തിനും ശ്രദ്ധക്കും കൂടി ഞാൻ നന്ദി പറയുന്നു.

**അമിതാഭ ഗുഹ**

ചെയർമാൻ

ജൂൺ 28, 2013.

കുറിപ്പ് : വാർഷിക പൊതുയോഗത്തിന്റെ നടപടിക്രമങ്ങളുടെ രേഖയായി ഇതിനെ കണക്കാക്കേണ്ടതില്ല.